# ആമുഖം

2014 ജൂൺ മാസം ആരംഭിക്കുന്ന വിദ്യാഭ്യാസവർഷത്തിൽ 1, 3, 5, 7 ക്ലാസ്സുകളിൽ പുതിയ പാഠപുസ്തകങ്ങൾ നിലവിൽ വരികയാണ്. താഴെകൊടുത്തിരിക്കുന്ന മൂന്ന് സന്ദർഭങ്ങളുടെ പശ്ചാത്തലത്തിലാണ് പരിഷ്കരണം നടന്നത്.

1. R T E Act ന്റെ അടിസ്ഥാനത്തിൽ എല്ലാവർക്കും ഗുണപരമായ വിദ്യാഭ്യാസം ലഭ്യമാക്കുക.

2. അവകാശാധിഷ്ഠിത വിദ്യാഭ്യാസം – അതിന്റെ അടിസ്ഥാനത്തിൽ ലോകത്തിലെ ഏറ്റവും മികച്ച മാതൃകകൾ ലഭ്യമാക്കുക.

3. കേരളത്തിൽ നടന്നുവരുന്ന അഞ്ചുവർഷത്തിലൊരിയ്ക്കലുള്ള പാഠ്യപദ്ധതി പരിഷ്കരണം.

ഗുണമേന്മ വിദ്യാലയ സങ്കല്പങ്ങൾ, അധ്യാപികയെക്കുറിച്ചുള്ള മാറിയ കാഴ്ചപ്പാട് , ബന്ധപ്പെട്ട വിഷയങ്ങളിലെ പഠനനേട്ടങ്ങളും പ്രക്രിയകളും എന്നിവ പരിചയപ്പെടുന്നതിനാണ് ഈ പരിശീലനം പ്രധാനമായും ലക്ഷ്യമിടുന്നത്.

## ലക്ഷ്യങ്ങൾ

1. പുതിയ പാഠ്യപദ്ധതി സമീപനത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന്.

2. മാറിയ പാഠപുസ്തകങ്ങളും ഉള്ളടക്കമേഖലകളും പരിചയപ്പെടുന്നതിന്.

3. ടീച്ചർ ടെക്സ്റ്റ് പരിചയപ്പെടുന്നതിന്.

4. മൂല്യനിർണയ സമീപനങ്ങളെക്കുറിച്ച് ധാരണഉണ്ടാക്കുന്നതിന്.

# മുന്നൊരുക്കങ്ങൾ

2014 മെയ് മാസത്തിൽ നടന്ന അവധിക്കാല അദ്ധ്യാപക പരിശീലനത്തിന്റെ മുന്നൊരുക്കങ്ങൾ മാസങ്ങൾക്കു മുൻപേ തുടങ്ങിയിരുന്നു.

Std 3, 4 ക്ലാസ് അദ്ധ്യാപക പരിശീലനത്തിന്റെ S R G 2014 ഏപ്രിൽ 25, 26, 27 തീയതികളിൽ എറണാകുളം കലൂർ റിന്യുവൽ സെന്ററിൽ വച്ചാണ് നടന്നത്. തൃശ്ശൂർ ജില്ലയിൽ നിന്നും 5 പേരാണ് പ്രസ്തുത പരിശീലനത്തിൽ പങ്കെടുത്തത്. ശ്രീ. വി. ടി. ജയറാം (ലക്ചറർ, ഡയറ്റ് തൃശ്ശൂർ) ശ്രീ. റോബിൻ ആന്റണി (ട്രെയ്നർ, B R C ചാലക്കുടി) ശ്രീമതി. സുജാത (ട്രെയ്നർ, B R C പഴയന്നൂർ) ശ്രീമതി. രമ (C R C C, B R C കൊടകര) ശ്രീ. കൃഷ്ണകുമാർ (അദ്ധ്യാപകൻ) എന്നിവർക്കു പുറമെ കോർ എസ്. ആർ. ജി. അംഗങ്ങളായി ശ്രീ. അബ്ദുൾ നാസർ (സീനിയർ ലക്ചറർ, ഡയറ്റ് – തൃശ്ശൂർ) ശ്രീ. മുഹമ്മദ് സിഡിക്ക് (ജില്ലാ പ്രോഗ്രാം ഓഫീസർ S S A തൃശ്ശൂർ) എന്നിവരും ജില്ലയെ പ്രതിനിധീകരിച്ചിരുന്നു.

D R G പരിശീലനത്തിന് മുന്നോടിയായുള്ള ഏകദിന ആസൂത്രണയോഗം 29 – 04 – 2014 ന് പരിശീലനകേന്ദ്രമായ C M S H S S ൽ വച്ച് നടന്നു. ഏപ്രിൽ 30, മെയ് 2, 3, 5 തീയതികളിലാണ് D R G പരിശീലനം നടന്നത്. പതിനെട്ട് B R C കളിൽ നിന്നുമായി 72 പേരാണ് തൃശ്ശൂർ നഗര മധ്യത്തിലുള്ള C M S H S S ൽ നടന്ന D R G പരിശീലനം വിജയകരമാക്കിയത്. B R C ട്രെയ്നർമാർ, C R C C, അദ്ധ്യാപകർ എന്നിവരടങ്ങിയ ഈ ഗ്രൂപ്പ് ആവേശത്തോടെയാണ് പരിശീലനത്തെ എതിരേറ്റത്.

ഏപ്രിൽ 30 മുതൽ മെയ് 5 വരെ നടന്ന പ്രസ്തുത D R G പരിശീലനങ്ങളുടെ സംഘാടനം കുറ്റമറ്റതായിരുന്നു. ഓരോ പരിശീലനകേന്ദ്രവും ഓരോ ബി. പി. ഒ. മാരുടെ നേരിട്ടുള്ള ചുമതലയിലായിരുന്നു.

29 – 04 – 2014 ന് നടന്ന ബി. പി. ഒ. മാരുടെ യോഗവും അദ്ധ്യാപക സംഘടനാ നേതാക്കളുടെ യോഗവും പ്രത്യേകം പ്രസ്താവ്യമാണ്.

ഒൻപത് ബി. ആർ. സി. കൾ വീതമുള്ള 2 ബാച്ചുകളായാണ് ഡി. ആർ. ജി. പരിശീലനം നടത്തിയത്. എസ്. ആർ. ജി. അംഗങ്ങളായ 5 പേരും വിവിധവിഷയങ്ങൾ പങ്കിട്ടെടുത്ത് ഇരുബാച്ചിലും നേതൃത്വം നൽകിയിരുന്നു.

ബി. ആർ. സി. തല പരിശീലനങ്ങൾ മെയ് 6 മുതൽ 26 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കുകയുണ്ടായി. 5 ദിവസം നീണ്ടുനിന്ന ഓരോബാച്ചും സംഘാടനം കൊണ്ടും മോണിറ്ററിംഗ് കൊണ്ടും

ശ്രദ്ധേയമായിരുന്നു. ഓരോ ബാച്ചിന്റെയും ഉദ്ഘാടനസമാപന സെഷനുകളിൽ എം. എൽ. എ. മാരട ക്കമുള്ള ജനപ്രതിനിധികളുടെ സാന്നിധ്യവും, അദ്ധ്യാപകസംഘടനാനേതാക്കൾ, വിദ്യാഭ്യാസ ഉദ്യോഗ സ്ഥർ എന്നിവരടങ്ങിയ മോണിറ്ററിംഗ്സെല്ലും പരിശീലനങ്ങൾക്ക് മിഴിവും കരുത്തുമേകി.

## നിരീക്ഷണങ്ങൾ :–

- 3 ദിവസത്തെ എസ്. ആർ. ജി., 4 ദിവസത്തെ ഡി. ആർ. ജി., 5 ദിവസത്തെ അദ്ധ്യാപക പരിശീലനം എന്ന രീതി ഒഴിവാക്കേണ്ടതായിരുന്നു. നാല് പുതിയ പാഠപുസ്തകങ്ങൾ പരിചയപ്പെടുത്തേണ്ട പ്രസ്തുത പരിശീലനത്തിന്റെ എസ്. ആർ. ജി., ഡി. ആർ. ജി., തലങ്ങളും ചുരുങ്ങിയത് 5 ദിവസമാക്കുന്നതായിരുന്നു അഭികാമ്യം.
- ഡി. ആർ. ജി. പരിശീലനത്തിന്റെ തൊട്ടുതലേദിവസമായ ഏപ്രിൽ 29 ന് മാത്രം B P O മാരുടെ യോഗവും Q I P മോണിറ്ററിംഗ് സമിതിയുടെ യോഗവും ചേർന്നതിൽ പ്രതി ഷേധമുയർന്നിരുന്നു. പ്രസ്തുതയോഗങ്ങൾ മുൻപേ തന്നെ ചേരുകയും ഡി. ആർ. ജി. പിരിശീലനങ്ങളുടെ ആസൂത്രണത്തിൽ തന്നെ Q I P മോണിറ്ററിംഗ് സമിതിയെ പങ്കെ ടുപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ കാര്യങ്ങൾ കൂടുതൽ സുഗമമാകുമായിരുന്നു. പൊതു അവധി ദിവസമായ മെയ് 1 ന് ഡി. ആർ. ജി. പരിശീലനം നിശ്ചയിക്കുകയും അവസാനനിമിഷം മാറ്റുകയും ചെയ്തത് ചില ഡി. ആർ. ജി. അംഗങ്ങൾക്ക് വൈഷമ്യം സൃഷ്ടിച്ചു.
- B R C തല ആസൂത്രണം ഡി. ആർ. ജി. തല പരിശീലനത്തിന്റെ അവസാന ദിവസം തന്നെ വെച്ചത് ഫലപ്രദമായില്ല. വേണ്ടത്ര മുന്നൊരുക്കങ്ങളോടെ പരിശീലനത്തെ നേരിടാൻ ആദ്യദിവസം തന്നെ ഇത് വിഘാതം സൃഷ്ടിച്ചു വെങ്കിലും വരും ദിവസങ്ങൾ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ ഡി. ആർ. ജി. അംഗങ്ങൾക്ക് സാധിച്ചിരുന്നു.
- ജില്ലാതല, സബ്ജില്ലാതല മോണിറ്ററിംഗ് ഒരു പരിധിവരെ ഫലപ്രദമായിരുന്നു. അദ്ധ്യാപക സംഘടനകൾ, വിദ്യാഭ്യാസ ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ മോണിറ്ററിംഗ് സംഘം B R C തല പരിശീലങ്ങളെ Monitoring tool ഉപയോഗിച്ചുകൊണ്ടുതന്നെ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നത് ശുഭോദർക്കമായി കരുതുന്നു.

# പങ്കാളിത്തം

2014 മെയ് 6 മുതൽ 26 വരെ വിവിധ B R C കളിൽ നടന്ന അധ്യാപക പരിശീലന ത്തിന്റെ (Std 3 & 4) പങ്കാളിത്തം B R C തിരിച്ച് താഴെ കൊടുത്തിരിക്കുന്നു. ജില്ലാതലത്തിൽ 92% അധ്യാപകരും പരിശീലനത്തിൽ പങ്കെടുത്തതായി കണക്കുകൾ സൂചിപ്പിക്കുന്നു.

**PARTICIPATION STD 3 & 4 BRC WISE**

| Sl no | BRCs | Participation | To be participated | Percentage |
|---|---|---|---|---|
| 1 | Anthikkad | 70 | 81 | 86 |
| 2 | Chalakkudi | 147 | 158 | 93 |
| 3 | Chavakkad | 194 | 204 | 95 |
| 4 | Cherpu | 55 | 68 | 81 |
| 5 | Chowannur | 141 | 151 | 93 |
| 6 | Irinjalakkuda | 94 | 105 | 90 |
| 7 | Kodakara | 141 | 146 | 97 |
| 8 | Kodungallur | 71 | 81 | 88 |
| 9 | Mala | 99 | 104 | 95 |
| 10 | Mathilakam | 121 | 145 | 83 |
| 11 | Mullassery | 85 | 98 | 87 |
| 12 | Ollukkara | 66 | 66 | 100 |
| 13 | Pazhayannur | 106 | 131 | 81 |
| 14 | Puzhakkal | 99 | 106 | 93 |
| 15 | Thalikkulam | 129 | 139 | 93 |
| 16 | URC | 95 | 91 | 104 |
| 17 | Vellangallur | 81 | 81 | 100 |
| 18 | Wadakkanchery | 147 | 155 | 95 |
| | **Total** | **1941** | **2110** | **92** |

# ഉള്ളടക്കവും  വിനിമയവും

മെച്ചപ്പെട്ട രീതിയിൽ പഠനാനുഭവങ്ങളുടെ വിനിമയവും വിലയിരുത്തലും പഠനസാമഗ്രികളുടെ നിർമ്മാണവും അധ്യാപകരിലേക്കെത്തിക്കുന്നതിനായി നടത്തിയ അധ്യാപക പരിശീലന പരിപാടിയിൽ ആദ്യം അവതരിപ്പിച്ചത് പൊതുസമീപനം എന്ന സെഷൻ ആയിരുന്നു. പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ പ്രസക്തി, വിദ്യാഭ്യാസ അവകാശനിയമം, പാഠ്യപദ്ധതി സമീപനം, പഠനനേട്ടങ്ങൾ, കലാകായിക പ്രവൃർത്തി പഠനം, ആരോഗ്യകായിക വിദ്യാഭ്യാസം ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം, ഐ. സി. ടി. സാധ്യത, അവകാശാധിഷ്ഠിത വിദ്യാഭ്യാസം, മെന്ററിങ് എന്നിവയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുകയുണ്ടായി.

അവകാശാധിഷ്ഠിത വിദ്യാലയം (Right Based Educational Institution ) എന്ന ലക്ഷ്യം നേടുന്നതിനുള്ള സമഗ്രമായ സ്കൂൾ വികസനപരിപാടി നടപ്പിലാക്കുന്നതിനായി പാഠ്യപദ്ധതിയെ പരിഷ്കരിച്ച് കേരളത്തിലെ കുട്ടികൾക്ക് മികച്ച പഠന ബോധനമാതൃകകൾ ലഭ്യമാക്കുന്നതിനും അന്തർദേശീയ നിലവാരത്തിലെത്തിക്കാനും ഈ പഠ്യപദ്ധതി പരിഷ്കരണം ലക്ഷ്യമിട്ടിട്ടുണ്ട്. പൊതുസമീപനം എന്ന ഈ സെഷനിലൂടെ കൂടുതൽ ഊന്നൽ കൊടുക്കാൻ സാധിച്ച മേഖലകൾ ഇവയാണ്.

- വിവിധ വിഷയങ്ങളുമായി ബന്ധിപ്പിച്ച് നൽകുന്ന പഠനപ്രവർത്തനങ്ങളുടെ ഫലമായി അറിവ്, ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ കുട്ടിയിൽ രൂപപ്പെടുന്നു. ഈ പഠനനേട്ടങ്ങൾ നിരീക്ഷണ വിധേയവും (Observable) അളക്കാൻ കഴിയുന്നതും (Measurable) ആണ്.
- കുട്ടിയുടെ ബഹുമുഖ ബുദ്ധിവികാസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കലാപഠനം, പ്രവൃത്തിപഠനം, ആരോഗ്യകായിക വിദ്യാഭ്യാസം, ഐ. സി. ടി. എന്നിവക്ക് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതിന്റെ ആവശ്യകത.
- പഠിതാവിന് മാനവികമൂല്യങ്ങളെക്കുറിച്ചും ഭരണഘടനാമൂല്യങ്ങളെക്കുറിച്ചും അവബോധം നൽകാൻ സാധിക്കുന്നു.
- വിദ്യാഭ്യാസ അവകാശങ്ങളിലെ പ്രധാനപ്പെട്ട 3 മേഖലകളായ പങ്കാളിത്തം (Participation ) ലഭ്യത (Provision ) സംരക്ഷണം (Protection) എന്നിവയെക്കുറിച്ചുള്ള വ്യക്തമായ അവബോധം.
- ദേശീയ വിദ്യാഭ്യാസാവകാശ നിയമത്തിൽ അധ്യാപകനെ mentor ആയി കണക്കാക്കുന്നു.
- അധ്യാപകർ തൊഴിൽ പരമായി പാലിക്കേണ്ട ധാർമിക നിയമ സംഹിത.

## റിഫ്ളക്ഷൻസ്.

Mentor എന്ന പദം പൂർണ്ണ അർത്ഥത്തിൽ മനസിലാക്കിയതായി അധ്യാപകർ അഭിപ്രായപ്പെട്ടു. മാണിക്യക്കല്ല്, ഗുൽമോഹർ എന്ന ഫിലിം ക്ലിപ്പിങ്സ് അധ്യാപകരെ ഏറെ ആകർഷിച്ചു. **P1, P2, P3** എന്നിവ ആഴത്തിൽ തിരിച്ചറിയാൻ സാധിച്ചത് ഉപകാരപ്രദമായി എന്ന് അഭിപ്രായമുണ്ടായി. ഒ. എൻ. വി. കുറുപ്പിന്റെ –മോഹം– എന്ന കവിത പലരേയും ബാല്യകാലസ്മരണയിലേക്കെത്തിച്ചു. സമീപനരേഖ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച നടത്തിയത് വളരെ ഫലവത്തായിരുന്നു.

കുട്ടികൾ മതിലുചാടുന്നതിന് വഴക്കു പറയാറുള്ള അധ്യാപികക്ക്, വെടിക്കെട്ട് ശാലക്ക് തീപ്പിടിച്ച് സ്കൂളിന്റെ ഓടുകൾ വീഴുമ്പോൾ അതേ മതിൽ കുട്ടികളെക്കൊണ്ട് ചാടിക്കേണ്ട അവസ്ഥ വന്നതും ടീച്ചർക്ക് എന്തെങ്കിലും പറ്റിയോ എന്നതാണ് കുട്ടികളെ വിഷമിപ്പിച്ചതെന്നും പറഞ്ഞപ്പോൾ എല്ലാവർക്കും സങ്കടം തോന്നി.

ചെറുതുരുത്തിയിൽ നടന്ന അധ്യാപകപരിശീലനത്തിൽ കേട്ടത്.............

കുട്ടികൾക്ക് നൽകിയ അവകാശങ്ങളേക്കാൾ കൂടുതൽ അവകാശങ്ങൾ ഇനിയും നൽകാനുള്ളത് എന്ന് ഇപ്പോഴാണ് തിരിച്ചറിഞ്ഞത്......... കൊടുങ്ങല്ലൂർ ഉപജില്ലയിലെ ഒരധ്യാപിക.

## ഭാഷയും സമീപനവും

മാതൃവാത്സല്യം പോലെ ഏതൊരാളിലും കിനിഞ്ഞിറങ്ങുന്ന ഒന്നാണ് ഭാഷ. ഭാഷാവികസനശേഷി അവന്റെ വ്യക്തിത്വത്തെ സ്വാധീനിക്കുന്നു. ഭാഷയെക്കുറിച്ചും ഭാഷാ സമീപനത്തെക്കുറിച്ചുമുള്ള ധാരണ വികസിപ്പിക്കുന്നതോടൊപ്പം പാഠപ്രവേശകത്തിന്റെ പ്രസക്തി അധ്യാപകരെ ബോധ്യപ്പെടുത്തുകയും ഇതിലൂടെ കുട്ടികൾക്ക് ലഭിക്കുന്ന പഠനനേട്ടങ്ങൾ എന്ത് എന്ന് തിരിച്ചറിഞ്ഞ് എല്ലാ കുട്ടികളിലേക്കും അത് ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുകയുമാണ് ഈ സെഷന്റെ ഉദ്ദേശ്യം.

## ഈ സെഷനിലൂടെ കടന്നുപോയ പ്രധാന മേഖലകൾ.

### പ്രവേശകം

- കണ്ണന്റെ അമ്മ (ഒന്നാം പാഠം) പാഠത്തിന്റെ പ്രവേശകചിത്രത്തിലെ വിശകലനം.
- സംഭാഷണ രചന.
- ഗുണാത്മകക്കുറിപ്പുകളുടെ അവതരണം – വിലയിരുത്തൽ.
- വിവിധ വ്യവഹാര രൂപങ്ങളുടെ സാധ്യതകൾ – അവതരണം.
- പാഠഭാഗം (കണ്ണന്റെ അമ്മ) ചർച്ച.

പ്രവേശകത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പാഠാവതരണം അധ്യാപകർ ഇരുകൈയും നീട്ടി സ്വീകരിച്ചു. പ്രവേശക പ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിലും അവതരിപ്പിക്കുന്നതിലും അധ്യാപകരുടെ പൂർണ്ണ പങ്കാളിത്തം പ്രകടമായിരുന്നു.

### പാഠഭാഗാവതരണം

- കവിത – അവതരണം, ഈണം കണ്ടെത്തൽ.
- ഈണം – വിവിധ സാധ്യതകൾ.
- പാഠഭാഗ പരിശോധന.
- പഠനനേട്ടങ്ങൾ (സമീപനരേഖ) ചർച്ച, കണ്ടെത്തൽ.

**പ്രതിഫലനങ്ങൾ** :- ആശയ വ്യക്തതയുള്ള, നിലവാരമുള്ള കവിതകൾ ഉൾപ്പെടുത്തിയതിൽ അധ്യാപകർ സന്തോഷം പ്രകടിപ്പിച്ചു.

### മാറിയ പാഠപുസ്തകം, അധ്യാപകസഹായി എന്നിവ പരിചയപ്പെടൽ.

- പാഠാവതരണം (പാഠം – 2 മാനത്തിന്റെ മടിത്തട്ടിൽ)
- ഗദ്യാവതരണം, പദ്യാവതരണം – താരതമ്യപ്പെടുത്തൽ.
- പരിശോധനാ സൂചകങ്ങൾ തയ്യാറാക്കൽ.
- പാഠപുസ്തകത്തെ വിലയിരുത്തൽ.

**പ്രതിഫലനങ്ങൾ** :- എല്ലാ പഠനപ്രവർത്തനങ്ങളേയും വിശദമാക്കിക്കൊണ്ട് തയ്യാറാക്കിയ അധ്യാപകസഹായിയും ഭാഷാവസ്തുതകളും ആകർഷകങ്ങളായ ചിത്രങ്ങളും ചിട്ടയോടെയുള്ള പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന പാഠപുസ്തകവും അധ്യാപകരെ ഏറെ തൃപ്തിപ്പെടുത്തിയിട്ടുണ്ട്.

പുതിയ പാഠപുസ്തകം വളരെ വ്യത്യസ്തമായ രീതി ഉൾക്കൊള്ളുന്നു. ഒരു പാടുവ്യവഹാര രൂപങ്ങൾ കുത്തി നിറയ്ക്കാതെ വളരെ പ്രസക്തമായി അവതരിപ്പിച്ചിട്ടുണ്ട്.

സി. സ്റ്റെഫി ജോസ്.

---

പുതിയ പാഠപുസ്തം കണ്ടപ്പോൾ മനസ്സിൽ ഒരു കുളിർമഴപെയ്ത അനുഭവമാണ് ഉണ്ടായത്. കഴിഞ്ഞ പാഠപുസ്തകത്തിൽ കൈമോശംവന്നുപോയ പല വസ്തുതകളും പുതിയ പുസ്തകത്തിൽ കൂട്ടിച്ചേർത്തതിൽ ഒത്തിരി സന്തോഷമുണ്ട്. മാതാപിതാക്കൾക്ക് ഇതൊരു വലിയ ആശ്വാസമാകും.

സിനി പോൾ.

## പരിസരപഠനസമീപനം

ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രയോഗിക്കപ്പെടേണ്ട ഒന്നാണ് ശാസ്ത്രത്തിന്റെ രീതി. അതുകൊണ്ടുതന്നെ പദാർത്ഥങ്ങളെക്കുറിച്ചും ഊർജത്തെക്കുറിച്ചും ജീവികളെക്കുറിച്ചുമുള്ള വിവരശേഖരണത്തിൽ ഒതുങ്ങാതെ വ്യക്തമായ ലക്ഷ്യത്തോടെയുള്ള ശാസ്ത്രപഠനമാണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

ഓരോ പാഠഭാഗത്തിലേയും പഠന നേട്ടങ്ങൾ ഉറപ്പുവരുത്തി വ്യത്യസ്ത പഠന തന്ത്രങ്ങളിലൂടെ പാഠഭാഗം അവതരിപ്പിക്കുകയും ഓരോ പാഠഭാഗത്തിലും നൽകിയിട്ടുള്ള ചില മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിന് സഹായകമായ സന്ദർഭങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുചെയ്യുക എന്നതായിരുന്നു ഈ സെഷന്റെ ഉദ്ദേശ്യങ്ങൾ.

### പഠനനേട്ടങ്ങൾ ഉറപ്പുവരുത്തുക.

- ✓ വീഡിയോ പ്രദർശനം (എന്റെ പരിസരം)
- ✓ പാഠഭാഗങ്ങളുടെ (ചിത്രം, ആശയം) പരിചയപ്പെടൽ.
- ✓ പരീക്ഷണം (ഊഹിക്കൽ, അളക്കൽ)
- ✓ പാഠഭാഗം (ജലം ജീവാമൃതം) അവതരണം.

**പ്രതിഫലനങ്ങൾ** :- പാഠഭാഗങ്ങളിലെ ഐ. സി. ടി. സാധ്യത വിളിച്ചറിയിക്കുന്ന വീഡിയോ ക്ലിപ്പിങ്സ് വളരെ ആകർഷകമായി. –ജലം പാഴാക്കരുത്– എന്ന സന്ദേശം ഒരു പരിധിവരെ കുട്ടി

കളിൽ എത്തിക്കാൻ ഈ പാഠഭാഗം സഹായകമായതായി അധ്യാപകർ പറഞ്ഞു. അധിക പഠന വസ്തുവായി ഡോ. എ. പി. ജെ. അബ്ദുൾകലാമിന്റെ '2070 ൽ എഴുതിയ കത്ത്' എന്ന പ്രസംഗ ത്തിന്റെ മലയാള പരിഭാഷ (വീഡിയോ) വെള്ളത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന ഹൃദയ സ്പർശിയായ ഒന്നാണെന്ന് അധ്യാപകർ അഭിപ്രായപ്പെട്ടു. ഊഹിക്കാനുള്ള അവരവരുടെ കഴിവ് പരിമിതമാണെന്ന് പരീക്ഷണത്തിലൂടെ മനസിലായതായി അധ്യാപകർ സ്വയം സമ്മതിച്ചു.

## പഠനതന്ത്രങ്ങൾ, പഠനസന്ദർഭങ്ങൾ എന്നിവ കണ്ടെത്തൽ.

- വൃത്തി നമ്മുടെ ശക്തി – എന്ന പാഠഭാഗം അവതരണം.
- വിവിധ വ്യവഹാരരൂപങ്ങളിലൂടെയുള്ള അവതരണം,(സ്കിറ്റ്, കഥാപ്രസംഗം, മൈം, റേഡിയോനാടകം)
- പഠനതന്ത്രങ്ങളെക്കുറിച്ച് ചർച്ച.
- പരിസര പാഠപുസ്തകം – പരിശോധിക്കൽ, സവിശേഷതകൾ കണ്ടെത്തൽ.

**പ്രതിഫലനങ്ങൾ** :– അവതരണ മികവ് വിവിധ പഠനതന്ത്രങ്ങളെ മികവുറ്റതാക്കി. ഇത് ക്ലാസ്മുറിയിൽ പ്രയോഗിക്കാവുന്ന മികച്ച പ്രവർത്തനങ്ങളിൽ ഒന്നാണെന്ന് പൊതുവെ അഭിപ്രായപ്പെട്ടു.

> പ്രപഞ്ചത്തിലെ എല്ലാ തരം വസ്തുതകളും ആകാശവിസ്മയങ്ങളും ഉൾക്കൊള്ളുന്നുണ്ട്, ഈ പാഠപുസ്തകത്തിൽ. നിറീക്ഷണ തലത്തിൽ കണ്ടെത്തിയവ പരീക്ഷിച്ചറിയാനും ഈ പുസ്തകത്തിൽ അവസരം ഉണ്ട്. സി. ഡേസി സി. ജെ.

പാഠപുസ്തകത്തെക്കുറിച്ച് പൊതുവെ നല്ല അഭിപ്രായമാണ് അധ്യാപകരിൽ നിന്നുണ്ടായത്. –ഉള്ളടക്കം അധികമായിപ്പോയി – എന്നും ചിലർ പറയുന്നത് കേൾക്കാമായിരുന്നു.

## കലാകായിക പ്രവൃത്തിപഠനം

- പൂക്കൂട നിർമ്മാണം.
- ഓരോ പാഠത്തിലും കലാകായിക പ്രവൃത്തിപരിചയ പഠനത്തിനുള്ള സാധ്യത കണ്ടെത്തൽ.

**പ്രതിഫലനങ്ങൾ** :– എല്ലാവരും വളരെ നല്ല ഉല്പന്നങ്ങളാണ് കാഴ്ചവെച്ചത്. ഓരോ പാഠഭാഗത്തിലും ഉള്ള സാധ്യതകൾ കണ്ടെത്തി അവതരിപ്പിച്ചത് ക്ലാസ്മുറിയിൽ കൂടുതൽ പ്രയോജന

പ്പെടും എന്ന അഭിപ്രായമുണ്ടായി. ഇതിനെ ബന്ധപ്പെടുത്തിയുള്ള ക്ലാസുകൾ ഇനിയും ലഭിക്കണമെന്ന് അധ്യാപകർ ആവശ്യപ്പെട്ടു.

**<u>ടീച്ചിങ്ങ് മാന്വൽ</u>** :- പഠനനേട്ടങ്ങൾ ലക്ഷ്യമാക്കി ഓരോ അധ്യാപകനും വ്യത്യസ്തരീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻകഴിയും. പാഠപുസ്തകം, ടീച്ചർ ടെക്സ്റ്റ് എന്നിവയോടൊപ്പം തന്നെ വിലയിരുത്തലും ഉൾപ്പെടുത്തിക്കൊണ്ട് ടീച്ചിങ്ങ് മാന്വൽ തയ്യാറാക്കണം.

**<u>പ്രതിഫലനങ്ങൾ</u>** :- കണ്ടെത്തൽ പേജിനെക്കുറിച്ച് അധ്യാപകർക്ക് വ്യക്തമായി. ടി. എം. നെക്കുറിച്ച് പൊതുവെ സ്വാഗതാർഹം എന്നാണ് അഭിപ്രായമുണ്ടായത്. പ്രകടമായ മാറ്റങ്ങൾ ഇല്ലാത്തത് അധ്യാപകർക്ക് ആശയക്കുഴപ്പം ഉണ്ടാക്കിയിട്ടില്ല. കുട്ടികളെ നിരന്തരമായി വിലയിരുത്താൻ ടീച്ചിങ്ങ് മാന്വൽ വ്യക്തമായി തയ്യാറാക്കണം എന്ന ബോധം അധ്യാപകർക്കുണ്ടായിട്ടുണ്ട്.

## <u>വിലയിരുത്തൽ സമീപനം</u>

പഠനം കുട്ടികളിൽ സ്വാഭാവികമായും നിരന്തരമായും നടക്കുന്ന ഒരു പ്രക്രിയയാണ്. അതുകൊണ്ട് തന്നെ വിലയിരുത്തലും പഠനപ്രവർത്തനങ്ങളോടൊപ്പം ഇഴചേർന്ന് നിരന്തരവും സമഗ്രവുമായി നടത്തേണ്ടതാണ്.

- ♦ വിലയിരുത്തൽ പ്രസക്തി
- ♦ വിലയിരുത്തൽ തലങ്ങൾ
- ♦ ഗ്രേഡിംഗ് രീതി
- ♦ നിരന്തര –സമഗ്ര വിലയിരുത്തൽ മേഖലങ്ങൾ
- ♦ വിലയിരുത്തൽ ഘട്ടങ്ങൾ – പഠനപ്രക്രിയ, പോർട്ട് ഫോളിയോ,യൂണിറ്റ്തലം
- ♦ വിലയിരുത്തൽ സൂചകങ്ങൾ

**<u>C E ക്രോഡീകരണം</u>** – ടേമിനൽ, വാർഷികം എന്നിവയെകുറിച്ച് ധാരണ രൂപീകരിക്കുക എന്നതായിരുന്നു ഈ സെഷന്റെ മുഖ്യ ഉദ്ദേശ്യം, വിലയിരുത്തലിനെ സംബന്ധിച്ച നിലനിന്നിരുന്ന ആശങ്കകൾ പൂർണ്ണമായും മായ്ച്ചു കളയാൻ ഈ പരിശീലനത്തിന് കഴിഞ്ഞോ എന്ന കാര്യം സംശയമാണ്

അനുയോജ്യമായ ഉദാഹരണങ്ങളിലൂടെ പഠനപക്രിയ, പോർട്ട്ഫോളിയോ വിലയിരുത്തൽ രീതിയും, അവയ്ക്കു വേണ്ട സൂചകങ്ങളും പരിചയപ്പെടുവാൻ കഴിഞ്ഞു.

ഓരോ കുട്ടിയെ വിലയിരുത്താൻ, അവരുടെ നിലവാരം തിരിച്ചറിയാൻ, എങ്ങനെ മെച്ചപ്പെടുത്തണമെന്ന് ചിന്തിക്കാൻ, പ്രവർത്തിക്കാൻ ഈ വിലയിരുത്തൽ സമീപനം സഹായിക്കുന്നു.
രമണതിലകം എസ്. പുതുക്കാട് ജി. വി. എച്ച്. എസ്. എസ്.

# ഗണിതം

നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് ഗണിതം. ഗണിത പ്രശ്നങ്ങളെ വിശകലനം ചെയ്യാനും പ്രശ്നപരിഹാരം നടത്തുന്നതിനും സഹായകമായ തരത്തിലാണ് പരിശീലനത്തിൽ ഗണിതസെഷൻ ഉൾച്ചേർത്തിരുന്നത്.

## വിവിധസെഷനുകളിലൂടെ

**അപ്പുവിന്റെ കളിവണ്ടി** :- 30 വണ്ടി ചക്രങ്ങളെകൊണ്ട് ഉണ്ടാക്കാവുന്ന വിവിധ ഇരുചക്ര, മുച്ചക്ര, നാല്ചക്ര വാഹനങ്ങളുടെ എണ്ണം കണ്ടെത്തുന്ന ടിപ് ആക്ടിവിറ്റി യിലൂടെയാണ് ഗണിതത്തിന്റെ വാതിൽ തുറന്നത്.

* പ്രശ്ന നിർദ്ധാരണത്തിലേക്ക് നയിക്കാൻ ഉതകുന്ന കൃത്യവും ലളിതവുമായ വിശകലന ചോദ്യങ്ങളുടെ പ്രസക്തി ബോധ്യപ്പെടാൻ ഈ പ്രവർത്തനം സഹായകമായി.

## ഗണിതം – നിത്യജീവിതത്തിലെ വിവിധ പ്രായോഗിക പ്രശ്നങ്ങളിലൂടെ.

അജയൻ ഒരു കടയിൽനിന്നും വാങ്ങുന്ന സാധനങ്ങളുടെ അപൂർണ്ണമായ ബില്ല് പൂർത്തിയാക്കുന്ന പ്രവർത്തനം കുട്ടികൾക്ക് അപ്രാപ്യമാണെന്നായിരുന്നു പൊതുവെയുള്ള വിലയിരുത്തൽ.

ഗണിതാശയങ്ങളെ സന്ദർഭവുമായി ബന്ധപ്പെടുത്തി മുന്നോട്ടുപോകാനുള്ള കഴിവ് കുട്ടികളിൽ വളർത്തിയെടുക്കണം എന്ന ചിന്ത അധ്യാപകരിലുണ്ടാക്കാൻ ഈ പ്രവർത്തനം സഹായകരമായിരുന്നു.

## പ്രശ്നവിശകലനത്തിന് വിവിധ തന്ത്രങ്ങൾ

- കുട്ടികൾ വിശകലന ചോദ്യങ്ങൾ തയ്യാറാക്കൽ.
- പട്ടിക രൂപപ്പെടുത്തൽ.
- റോൾപ്ലേ
- പട്ടികയിൽനിന്ന് വിശകലനം/അപഗ്രഥനം
- ചിത്രീകരണം
- റോൾപ്ലേ

തുടങ്ങി വ്യത്യസ്ത തന്ത്രങ്ങൾ പ്രശ്നത്തിന്റെ സ്വഭാവം അനുസരിച്ച് യോജിച്ച തന്ത്രം സ്വീകരിക്കാൻ അധ്യാപകന് കഴിയണം എന്ന തിരിച്ചറിവ്.

ഇത് വഴിക്കണക്കിന്റെ തിരിച്ചുവരവല്ലെ – ഒരധ്യാപകൻ

- സെഷനിൽ അവതരിപ്പിക്കപ്പെട്ട വിവിധ പ്രവർത്തനങ്ങൾവച്ച്കൊണ്ട്തന്നെ പാഠം, പ്രക്രിയ, പോർട്ട് ഫോളിയോ, യൂണിറ്റ് വിലയിരുത്തൽ – എന്നിവ അവതരിപ്പിച്ചു.
- സാമൂഹിക വൈകാരിക മേഖലകളിലെ വിലയിരുത്തലും ഇതൊടോപ്പം നടക്കണം– എന്ന പ്രസ്താവന ഗണിതത്തിലെ സാധ്യതകളെ ഓർമ്മപ്പെടുത്തലായിരുന്നു.

## ഗണിത പഠനസമീപനം

10 – പ്രശ്നങ്ങൾ ഗ്രൂപ്പുകളിൽ ചർച്ചയും അവതരണവും – 3–ാം ക്ലാസിലെ ഗണിത പഠനസമീപനത്തെ അടുത്തറിയാൻ പര്യാപ്തമായിരുന്നു. എങ്കിലും

- ഗണിത പഠനലക്ഷ്യങ്ങൾ
- ഉള്ളടക്കം
- വിനിമയം
- ഗണിതലാബ് സമീപനം
- പാഠപുസ്തകങ്ങൾ ഉപയോഗിക്കുമ്പോൾ

എന്നീ ഭാഗങ്ങൾ ഗ്രൂപ്പുകൾ ചർച്ചചെയ്തപ്പോൾ സമയ പരിമിതിയാണ് മിക്കവരും ചൂണ്ടിക്കാട്ടിയത്.

# പാഠപുസ്തക പരിചയം.

പുതിയ പാഠ്യപദ്ധതി പ്രകാരം തയ്യാറാക്കിയ പാഠപുസ്തകം പരിചയപ്പെടൽ, ഓരോ യൂണിറ്റിലും ഉൾച്ചേർത്തിരിക്കുന്ന ആശയങ്ങൾ തിരിച്ചറിയൽ, അനുയോജ്യമായ പഠനപ്രവർത്തന ങ്ങളെകുറിച്ച് മനസ്സിലാക്കൽ, ക്രിയാരീതി, വിലയിരുത്തൽ സാധ്യതകൾ, ഐ. സി. ടി. സാധ്യതകൾ ബോധ്യപ്പെടൽ തുടങ്ങിയ ഉദ്ദേശ്യങ്ങൾ വച്ചുകൊണ്ടുള്ള 2 മണിക്കൂർ സെഷൻ സമയപരിമിതികൾ മൂലം ഫലപ്രദമായി പലയിടങ്ങളിലും നടന്നില്ല എന്നതാണ് പൊതു വിലയിരുത്തൽ.

പാഠ്യപദ്ധതി പ്രകാരം പുതിയതായി ഉൾക്കൊള്ളിച്ച ഹരണം, ചിത്രഗണിതം എന്നിവ തിരിച്ചറി യാൻ കഴിഞ്ഞു. എങ്കിലും ഇവയെല്ലാം നമ്മുടെ കുട്ടികൾക്ക് ദഹിക്കുമോ എന്ന ആശങ്കയുള്ള അധ്യാപകരും കുറവല്ലായിരുന്നു.

# ഗണിതലാബ് സമീപനം

മുൻപ് ചർച്ചചെയ്ത വിഷയമായിരുന്നത്കൊണ്ട് ആഴത്തിലുള്ള ചർച്ച ഈ വിഷയത്തിൽ കുറവായിരുന്നു. ഐ. സി. ടി. സാധ്യതകൾ എല്ലാ അധ്യാപകരെയും ആകർഷിച്ച ഒന്നാണ്. പക്ഷെ കംപ്യൂട്ടറില്ലാത്ത, ക്ലാസ്മുറികളുടെ ഇല്ലായ്മകളും വല്ലായ്മകളും പ്രകടം.

യൂണിറ്റടിസ്ഥാനത്തിൽ പഠന പ്രവർത്തനം അനുസരിച്ചുള്ള Geogebra ക്ലാസ്സുകൾ കൂടു തൽ വേണമെന്നും ഗണിതാധ്യാപകർക്കെങ്കിലും ലാപ്ടോപ് അനുവദിക്കണം, എങ്കിലേ ഇഷ്ട റഞ്ഞ മാതിരി ക്ലാസെടുക്കാൻ കഴിയൂ.

G L P S ചേലക്കരയിലെ പരിശീലന കേന്ദ്രത്തിൽ കേട്ടത്.

---

"രക്ഷിതാക്കൾക്കും കുട്ടികൾക്കും ഒരുപോലെ സഹായകമാവുന്ന തരത്തിലുള്ളതാണ് പാഠപുസ്തകം."

# ENGLISH

English is believed as a hard nut to crack or a night mare to majority of teachers. Still they love English and are enthusiastic to interact in English.

**Entry**

In order to build and maintain rapport with the CPS and to familiarise the Strategies to introduce a lession , the jigzaw puzzle of butterflies was sufficient.

The scope and relevance of entry activities as triggers to the unit was discussed in detail.

**Analysing reader and teacher text**

The CPs sat in 6 groups and analysed the differnt areas of reader. The task for finding suitable strategies for the transaction of each area was challenging and interesting to the CPS.

**Features of reader and teacher text**

The CPs sat in 3 groups to analyzed the feature of revised reder and teacher text followed by the PPt of RP explaning the basic premises of the revised reder.

Heated debates were seen in some centeres on the exclusion of narratives from the book .

- Text as children literature
- Pictures as texts
- Interaction questions
- Theatre games
- Language activities
- Grammar in Content
- Need based Vocabulary development
- Simple language projects

- ICT chances
- Assessment

are said to be the basic premiser on which the new readers are developed

- Detailed discussion were not seen in this session but the Inclusion of authentic pieces of children literature was questioned by some Teacher that they will be out of the limit for many students.
- Inclusion of grammar had also been questioned by some teachers.
- But the inclusion of simple language project and ICT integration were welcomed by the trs.
- Student assessment was another area of heated discussion. The saperate pages titled <u>I can and my learner can</u> for assessment purpose was questioned by some that it will not be practical in classes with more students.

In general the session on English provided a mixed response among teacher . The lack of confidence of teacher to use the target language is high lighted.

Though the participants were active in various activities at training seession .

# പ്രധാന കണ്ടെത്തലുകളും നിർദ്ദേശങ്ങളും

അവധിക്കാല അധ്യാപക പരിശീലനത്തെ (Std 3 & 4 ) സമഗ്രമായി വിലയിരുത്തിയാൽ S R G, D R G, B R C തല പരിശീലനത്തിലെ ഉള്ളടക്കവും നടത്തിപ്പുമായി ബന്ധപ്പെട്ട പ്രധാനകണ്ടെത്തലുകളും അധ്യാപകരുടെ ഭാഗത്തുനിന്നുള്ള നിർദ്ദേശങ്ങളും ഈ അധ്യായത്തിൽ സംഗ്രഹിച്ചിരിക്കുന്നു.

- 1. എസ്. ആർ. ജി. പരിശീലനം 5 ദിവസം തന്നെ നടത്തുന്നതാണ് ഉചിതം. മാറിയ 4 പാഠപുസ്തകങ്ങളെ അടുത്തറിയാനും പൊതുസമീപനം, വിലയിരുത്തൽ, **School development plan** തുടങ്ങിയ വിഷയങ്ങളിലുള്ള ആഴത്തിലുള്ള ക്രിയാത്മകചർച്ചകൾക്ക് 3 ദിവസത്തെ എസ്. ആർ. ജിപരിശീലനം അപര്യാപ്തമായിരുന്നു.
- ഡി. ആർ. ജി. പരിശീലനത്തോടനുബന്ധിച്ചുള്ള ആസൂത്രണം, QIP അംഗങ്ങളുടെ യോഗം തുടങ്ങിയവ മുൻകൂട്ടി നടത്തുന്നത് സുഗമമായ പരിശീലനത്തിന് സഹായകമായിരിക്കും.
- ഡി. ആർ. ജി. പരിശീലനകേന്ദ്രങ്ങൾ ഓരോ ബി. പി. ഒ. മാർക്ക് ചുമതല നൽകുകയും ആവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്തത് മാതൃകാപരവും അഭിനന്ദനാർഹവുമാണ്.
- പരിശീലന സാമഗ്രികളുടെ ലഭ്യതക്കുറവ് (പ്രത്യേകിച്ചും ടീച്ചർ ടെക്സ്റ്റുകളുടെ) പരിശീലനത്തെ ബാധിച്ചിരുന്നു. ചില പാഠങ്ങളുടെ ഫോട്ടോകോപ്പി മാത്രമാണ് ലഭ്യമായിരുന്നത്.
- ബി. ആർ. സി. തല പരിശീലനത്തിനുമുമ്പ് ഏകദിന ആസൂത്രണം അനിവാര്യമാണ്. ഡി. ആർ. ജി. തല പരിശീലനത്തിന്റെ തൊട്ടടുത്ത ദിവസം തന്നെ ബി. ആർ. സി. തല പരിശീലനം നടത്തിയത് ആർ. പി. മാരിൽ ബുദ്ധിമുട്ട് ഉളവാക്കിയിരുന്നതായി ചിലർ അഭിപ്രായപ്പെട്ടു.
- ഡി.ആർ.ജി.പരിശീലന ദിവസങ്ങളിലെ അവ്യക്തതകൾ അംഗങ്ങളിൽ വൈഷമ്യം സൃഷ്ടിച്ചിരുന്നു.
- ജില്ലാതല, സബ്ജില്ലാ തല, മോണിറ്ററിംഗ്, പരിശീലനത്തിന് കൂടുതൽ ഗൗരവമേകിയിരുന്നു.
- ഉദ്ഘാടന, സമാപന സെഷനുകളിലെ ജനപ്രതിനിധികളുടെ സാന്നിധ്യവും പിന്തുണയും പരിശീലനത്തിന് മിഴിവേകി.
- മാറിയ പാഠപുസ്തകങ്ങളെ പൊതുവെ അധ്യാപകലോകം സ്വാഗതം ചെയ്തിട്ടുണ്ട്.
- പുസ്തകത്തിന്റെ അച്ചടിയും ഉപയോഗിച്ച പേപ്പറിന്റെ ഗുണനിലവാരവും വിമർശന വിധേയമായിരുന്നു.

- ഭാഷാവിഷയങ്ങളിലെ ആഖ്യാനങ്ങളുടെ (Narative) പിൻവാങ്ങലിനെ സംബന്ധിച്ച് സമ്മിശ്രമായ പ്രതികരണങ്ങളാണ് അധ്യാപകരുടെ ഭാഗത്തുനിന്നുണ്ടായത്.
- ഭാഷാ വസ്തുതകൾക്കുള്ള അർഹമായ സ്ഥാനം, പ്രവേശക പ്രവർത്തനങ്ങൾ ആധികാരിക ടെസ്റ്റുകൾക്ക് ഊന്നൽ എന്നിവ കൂടുതൽ സ്വഗതം ചെയ്യപ്പെട്ടു.
- ആധികാരിക ടെസ്റ്റുകൾ, കുട്ടികളുടെ നിലവാരത്തിനുമപ്പുറമാണെന്ന് വാദിച്ചവരും ഉണ്ടായിരുന്നു.
- വിശകലന ചോദ്യങ്ങൾക്ക് ഊന്നൽ നൽകുന്ന ഗണിത പ്രവർത്തനങ്ങൾ അടങ്ങിയ ഗണിത പുസ്തകവും സ്വീകാര്യമായിരുന്നെങ്കിലും 3-ാം ക്ലാസിലെ കുട്ടികളുടെ നിലവാരത്തിനുമപ്പുറമുള്ള പ്രവർത്തനങ്ങളാണ് കൂടുതലുള്ളത് എന്ന അഭിപ്രായവും കുറവല്ലായിരുന്നു.
- നിരന്തര വിലയിരുത്തലിന്റെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിഞ്ഞതായി അധ്യാപകർ അഭിപ്രായപ്പെട്ടു.
- ഓരോ കുട്ടിയെക്കുറിച്ചും പാഠപുസ്തകത്തിൽ പഠനപുരോഗതി രേഖപ്പെടുത്തുന്നതിന്റെ (I can, My learner can) പ്രായോഗികതയിൽ ആശങ്കാകുലരായ അധ്യാപകരും ധാരാളമുണ്ടായിരുന്നു.
- പാഠപുസ്തകത്തിൽ തന്നെ നൽകിയ പഠനനേട്ടങ്ങൾ I T സാധ്യതകൾ എന്നിവ ഏറെ സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്.
- ഇംഗ്ലീഷ് പാഠപുസ്തകത്തിന്റെ ആഖ്യാനശൈലി, പ്രവർത്തനങ്ങൾ, ഭാഷാവസ്തുതകൾ, ആധികാരിക ടെക്സ്റ്റുകൾ എന്നിവ സ്വാഗതം ചെയ്യപ്പെട്ടെങ്കിലും അവ കുട്ടികളുടെ നിലവാരത്തിനുമപ്പുറമാണെന്ന് അധ്യാപകർ ആശങ്കപ്പെട്ടിരുന്നു. രണ്ടാം ക്ലാസിൽനിന്നും ജയിച്ചു വരുന്ന കുട്ടികൾക്ക് ഈ പുസ്തകം പ്രയാസമനുഭവപ്പെടും എന്നാണവർ വിലയിരുത്തിയത്.
- ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നതിൽ അധ്യാപകരുടെ ആത്മവിശ്വാസക്കുറവ് പ്രകടമായിരുന്നു. ഭാഷാപ്രാവീണ്യം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ പരിശീലനങ്ങൾ ആവശ്യപ്പെട്ടവരും കുറവല്ല.
- ക്ലസ്റ്റർ യോഗങ്ങളുടെ ആവശ്യകത മിക്കവരും ഊന്നിപറഞ്ഞു. ക്ലസ്റ്റർ പരിശീലനങ്ങൾക്ക് അധ്യാപകർക്കനുവദിക്കുന്ന മെസ്സ് അലവൻസ് ഇല്ലാതെ തന്നെ ശനിയാഴ്ചകളിൽ വരാം എന്ന് അഭിപ്രായപ്പെട്ടവരുണ്ട്.
- ഐ. സി. ടി. യുമായി ബന്ധപ്പെട്ട കൂടുതൽ പരിശീലനങ്ങൾ ആവശ്യപ്പെട്ട ധാരാളം അധ്യാപകരുണ്ടായിരുന്നു.

- പൊതുവെ രക്ഷിതാക്കൾക്ക് സ്വീകാര്യമാവുന്ന പാഠപുസ്തകം എന്ന തരത്തിൽ വിലയിരുത്തിയവരും കുറവല്ല. എന്തായാലും അധ്യാപകനും കുട്ടികൾക്കും രക്ഷിതാവിനും ഒരുപോലെ സഹായകമായ പാഠപുസ്തകങ്ങളാണിവ എന്ന വിലയിരുത്തലിനാണ് ഏറെ പ്രാമുഖ്യം കിട്ടിയത്.
- പുതിയ പാഠപുസ്തകങ്ങൾക്കനുയോജ്യമായ സി. ഡി. ആവശ്യപ്പെട്ട അധ്യാപകരുമുണ്ട്.
- Teaching Manual ലെ Reflections വിലയിരുത്തൽ പേജിൽ തന്നെ എഴുതിയാൽ മതിയെന്ന് അഭിപ്രായപ്പെട്ട അധ്യാപകരുമുണ്ട്.
- 3–ാം തരത്തിലെ ഇ. വി. എസ്. പാഠപുസ്തകത്തിലെ ചില പാഠങ്ങൾ 4–ാം ക്ലാസിലും ആവർത്തിക്കുന്നുണ്ട് എന്ന് അഭിപ്രായപ്പെട്ട അധ്യാപകരുമുണ്ട്.















## അവധിക്കാല അധ്യാപക പരിശീലനം

**പെരുമ്പിലാവ്:** ചൊവ്വന്നൂർ ബി.ആർ.സി.യുടെ കീഴിലുള്ള എൽ.പി., യു.പി. സ്കൂളം അധ്യാപകർക്കുള്ള ആദ്യഘട്ട അവധിക്കാല പരിശീലനം പൂർത്തിയായി. കൊരട്ടിക്കര ഗവ. യു.പി. സ്കൂളിൽവെച്ച് അഞ്ച് ദിവസങ്ങളിലായാണ് പരിശീലനം നടന്നത്. സമാപന സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സി.സി. ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ ഡയറ്റ് പ്രിൻസിപ്പൽ ബാബു, സഹീർ, സിറാജ്, എം.എസ്. സിദ്ധിഖ്, എം.കെ. പ്രേംജിത്ത്, വി.ടി. ജയറാം, കുന്നംകുളം എ.ഇ.ഒ. സച്ചിദാനന്ദൻ എന്നിവർ സംസാരിച്ചു. രണ്ടാംഘട്ട പരിശീലനത്തിൻെറ ഉദ്ഘാടനം വ്യാഴാഴ്ച കുന്നംകുളം മുനിസിപ്പൽ ചെയർമാൻ സി.കെ. ഉണ്ണികൃഷ്ണൻ നിർവ്വഹിക്കും.